# INDIAN SCHOOL SOHAR
# SUMMATIVE ASSESSMENT-II (2016-2017)
# MALAYALAM(മലയാളം)

**CLASS:IX** **MAX.MARKS:90**

**DATE:25-3-17** **TIME:** 3hours

General instructions

_ Please check that this question paper contains 3 printed pages.
_ Please check that this question paper contains 4 sections
_ Please write down the Serial Number of the question before attempting it.
_ The Question Paper is divided in to four sections:-

| | |
|---|---|
| Section A: Reading Comprehension | 10 marks |
| Section B: Writing | 20 marks |
| Section C: Grammar | 12 marks |
| Section D: Literature | 48 marks |

## എ വിഭാഗം

1.താഴെതന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (10)

''കൈയിൽ ഒരു വാച്ചും പോക്കറ്റിൽ ഹോമറിന്റെ ഒരു ഗ്രന്ഥവുമുണ്ടെങ്കിൽ ഞാൻ എന്റെ വഴി വെട്ടിത്തെളിക്കും'' എന്ന നെപ്പോളിയന്റെ വാക്കുകൾ വായനയുടെ ശക്തിയെ ധ്വനിപ്പിക്കുന്നു. വായന മനസ്സിന്റെ ഭക്ഷണമാണ്. മനസ്സിന്റെ ശരിയായ വളർച്ചയ്ക്കും നിലനിൽപ്പിനും ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് വായനാശീലം. ഗ്രന്ഥങ്ങളെ കെടാവിളക്കുകളോട് ഉപമിക്കാറുണ്ട്. സദാ വെളിച്ചം തൂകി അജ്ഞാനമാകുന്ന അന്ധകാരത്തെ മാറ്റുന്നതുകൊണ്ടാവാം ഉത്തമഗ്രന്ഥങ്ങളെ വിജ്ഞാനികൾ കെടാവിളക്കുകളോട് സാദൃശ്യപ്പെടുത്തുന്നത്. കുട്ടികളിൽ ഒളിഞ്ഞും തെളിഞ്ഞും കിടക്കുന്ന സർഗ്ഗവാസനകളെ ഉണർത്തി പരിപോഷിപ്പിക്കാനും, ജീവകാരുണ്യം, സ്നേഹം, ധാർമ്മികബോധം എന്നീ മൂല്യങ്ങൾ വളർത്തി ഉത്തമജീവിതം നയിക്കാൻ പ്രാപ്തനാക്കാനും അങ്ങനെ അച്ചടക്കവും തന്റേടവുമുള്ള ഒരു ജനതയെ രൂപപ്പെടുത്താനും വായനയിലൂടെ മാത്രമേ കഴിയൂ. ധാരാളം വായിച്ചുതള്ളുന്നത് വായനയല്ല. വായിച്ചു തള്ളാതെ വായിച്ചുകൊള്ളാനാണ് നാം തുനിയേണ്ടത്. ഉച്ചത്തിൽ വായിക്കുന്നത് അത്ര നല്ലതല്ലെന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം. ''മൗനവായനയേ മനമറിയൂ'' എന്നാണ് പ്രമാണം. അതുകൊണ്ടാണ് വളരെ വായിക്കുകയല്ല വഴിയേ വായിക്കുകയാണ് വേണ്ടതെന്ന് പറയുന്നത്. അതേ, ''പുസ്തകത്തിലൂടെ വളരാത്തവൻ വെറും മൃഗമാണ്'' എന്ന് വായനയുടെ മഹത്ത്വത്തെക്കുറിച്ച് ഷേക്സ്പിയർ പറഞ്ഞത് എത്ര വാസ്തവം.

ചോദ്യങ്ങൾ

a) വായനയുടെ ശക്തിയെ ധ്വനിപ്പിക്കുന്ന നെപ്പോളിയന്റെ വാക്കുകളെന്ത്?
b) ഗ്രന്ഥങ്ങളെ കെടാവിളക്കുകളോട് ഉപമിക്കുന്നതെന്തുകൊണ്ട്?
c) എന്താണ് വായനയുടെ പ്രധാന്യം?
d) വായനയുടെ മഹത്ത്വത്തെക്കുറിച്ച് ഷേക്സ്പിയറുടെ അഭിപ്രായമെന്ത്?
e) ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം കണ്ടെത്തുക.

## ബി വിഭാഗം

2.ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക. (7)

a) ലഹരിവസ്തുക്കളുടെ ഉപയോഗം സമൂഹത്തിൽ
b) മിതവ്യയശീലം കുട്ടികളിൽ
c) വിദ്യാർത്ഥികളും അച്ചടക്കവും

3.നിങ്ങളുടെ നാട്ടിൽ നിരോധിക്കപ്പെട്ട പാൻമസാലകൾ ഇപ്പോഴും വില്പന നടത്തുന്നുണ്ട് എന്ന് കരുതുക. ഈ കാര്യങ്ങൾ നിങ്ങളുടെ സ്കൂളിനടുത്തുള്ള പോലീസ് സ്റ്റേഷനിൽ എഴുത്തിലൂടെ അറിയിക്കുക. (8)

4.വാക്യത്തിൽ പ്രയോഗിക്കുക. (2)

a) പാപ്പരായിത്തീരുക.
b) ആർഭാടം

5.താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒന്നിനെക്കുറിച്ച് അരപ്പേജിൽ കവിയാതെ എഴുതുക. (3)

a) വിതച്ചതേ കൊയ്യൂ.
b) ശീലിച്ചതേ പാലിക്കൂ
c) ഐക്യമത്യം മഹാബലം

## സി വിഭാഗം

6.പ്രയോഗം മാറ്റുക. (2)

a) ബാഹുകൻ ഋതുപർണ്ണ മഹാരാജാവിനെ യഥാവിധി പരിചരിച്ചു.
b) മഹാകവി ചെറുശ്ശേരി കൃഷ്ണഗാഥ രചിച്ചു.

7.അംഗ അംഗി വാക്യങ്ങൾ വേർതിരിക്കുക. (2)

a) വൈലോപ്പിള്ളി കൂടൽമാണിക്യം ക്ഷേത്രത്തിലെ സദ്യയെക്കുറിച്ച് വിവരിച്ചപ്പോൾ ബാലചന്ദ്രന്റെ മനസ്സ് മറ്റൊരു സ്ഥലത്തേക്ക് പാഞ്ഞുപോയി.
b) സാധാരണ അമ്മച്ചിയോടൊപ്പം അവൻ ചന്തയിൽ പോകാറില്ല.

8.അന്വാഖ്യാനമാക്കുക. (1)

ഉമ്മ :എന്നാലും എന്റെ ആമിനയെ ആ കുറുക്കനിപ്പം എന്തു ചെയ്യുകയായിരിക്കും?
മകൻ :ഉമ്മാന്റെ കോഴിയെ ആ കുറുക്കൻ കല്യാണം കഴിച്ചുകാണും.

9.വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക (1)

a) അന്നു ഞാൻ ഭയങ്കരവും പേടിപ്പിക്കുന്നതുമായ സ്വപ്നം കണ്ടു.

10.പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക (1)

a) കൊതിയാണ്

11.സമാസം എഴുതുക (1).

a)ഇച്ഛാശക്തി
(ആധാരികാതൽപുരുഷൻ, സംബന്ധികാതൽപുരുഷൻ, അവ്യയീഭാവൻ, ഉദ്ദേശികാതൽപുരുഷൻ)

12.പര്യായപദമെഴുതുക (1)

a)കാട്ടുപോത്ത് (മഹിഷം, സരണി, സൈരിഭം, കൃകവാകം)

13.വിപരീതം എഴുതുക (1)

a)സൂക്ഷ്മം (മാപ്പ്, സ്ഥൂലം, രോഗം, സ്ഥലം)

14.അർത്ഥവ്യത്യാസമെഴുതുക (1)

a)സ്കന്ദം , സ്കന്ധം (നദീതീരം, സ്വീകർത്താവ്, അയക്കുന്നവൻ, തോൾ)

15.എതിർലിംഗം എഴുതുക (1)

a) കവി (കവയിത്രി, കവിയിത്രി, കവിത്രി, വാര്യത്തി)

## ഡി വിഭാഗം

16.ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

a).ജഗദ്ഭക്ഷകൻ ആര്? (1)
(സൂര്യൻ, കാലം, തോഴൻ, നളൻ)

b).വൈലോപ്പിള്ളിയെ കവി ആരോടാണ് ഉപമിച്ചത്? (1)
(രാമൻകുട്ടി നായർ, ബാഹുകൻ, കൂട്ടുകാർ, ബാലചന്ദ്രൻ ചുള്ളിക്കാട്)

c).മാത്തുക്കുട്ടി ലോട്ടറി വിറ്റുകിട്ടിയ കമ്മീഷൻ തുക കൊണ്ട് എന്താണ് വാങ്ങിയത്? (1)
(അലുമിനിയം കലവും അരിയും, ഷർട്ട്, വാർധക്യം, പലഹാരങ്ങൾ)

d). "മിടുക്കൻ,എടാ മാത്തുക്കുട്ടി; നീയാ മിടുക്കൻ" ആരാണ് ഇതു പറഞ്ഞത്? (1)
(കുഞ്ഞുവർക്കി, വഴിമറിയ, അച്യുതൻ മാഷ്, ഏലിച്ചേടത്തി)

e). 'കാട്ടിലേക്ക് പോകല്ലേ കുഞ്ഞേ' എന്ന കഥ രചിച്ചതാര്? (1)
(അശോകൻ ചരുവിൽ, ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്, ഷാജഹാൻ, ഇടശ്ശേരി)

f).യാദവർ ഉൻമത്തരായത് എന്തുമൂലമാണ്? (1)
(മദ്യം , സ്വർണ്ണം, പണം, ജോലി)

17.ഉത്തരമെഴുതുക.

a). " ബാഹുകദിനമുന്തിക്കഴിക്കുമവിടുത്തെജ്ജാതകം ബഹുകേമം" ബാഹുകനെന്ന പുരാണകഥാപാത്രത്തെക്കുറിച്ചുള്ള സൂചന കാവ്യസന്ദർഭത്തിൽ എങ്ങനെ പ്രസക്തമാവുന്നു? (4)

b).മദ്യപിച്ച യാദവൻമാരുടെ സ്വഭാവത്തിൽ വന്ന മാറ്റം കവി എങ്ങനെ സൂക്ഷമമായി വർണിച്ചിരിക്കുന്നു?(4)

c). "Beg,Borrow or steal എന്നതാണ് മുദ്രാവാക്യം"- ഇത്തരത്തിലുള്ള നിരീക്ഷണങ്ങൾ ഇന്നും പ്രസക്തമാണോ? തെളിവുകൾ കണ്ടെത്തി അവയ്ക്ക് പിന്നിലുള്ള പ്രേരണകൾ വിശകലനം ചെയ്യൂ. (4)

d).താൻ ഏറെക്കൊതിച്ച ഉടുപ്പു വാങ്ങാതെ പൊട്ടാത്ത കലവും അരിയും വാങ്ങാൻ മാത്തുക്കുട്ടി തീരുമാനിച്ചത് എന്തുകൊണ്ടാണ്? (4)

e).കാട്ടിലേക്ക് പോകല്ലേ കുഞ്ഞേ എന്ന കഥയിലെ ഉമ്മ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക. (4)

f).മെഷീൻകോഴിയേയും നാടൻകോഴിയേയും താരതമ്യം ചെയ്തുകൊണ്ട് ഉമ്മ നടത്തുന്ന അഭിപ്രായപ്രകടനങ്ങളിൽ എന്തൊക്കെ അർത്ഥസൂചനകൾ കണ്ടെത്താനാവും? (4)

g).ആദർശത്തിന്റെയും ലാളിത്യത്തിന്റെയും ഊന്നുവടി കൊണ്ട് സാധാരണക്കാരന്റെ ഉയരം കൂട്ടേണ്ടിയിരിക്കുന്നു. ഈ വാക്യത്തിന്റെ അർത്ഥവ്യാപ്തി കണ്ടെത്തുക (4)

h). 'ആരണശാപത്താൽ മാരണമായിത-
ദ്വാരകവാസികൾക്കേരകപ്പുൽ'.
ഇവിടെ 'ആരണശാപം' എന്ന് പറഞ്ഞിരിക്കുന്നത് ആരുടെ ശാപവൃത്താന്തമാണ്? വിവരിക്കുക. (4)

18.ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (10)

a) അമർനാഥ ദർശനത്തിനുശേഷം വിവേകാനന്ദനിൽ ഉണ്ടായ മാറ്റങ്ങൾ എന്തെല്ലാം?
b) തേജസ്വിയായ വാഗ്മിയായി എല്ലാവരും വിവേകന്ദനെ കണ്ടതെങ്ങനെ?
c) ചിക്കാഗോവിലേക്കുള്ള ടിക്കറ്റ് നരേന്ദ്രൻ കരസ്ഥമാക്കിയതെങ്ങനെ?.